# ഒരു ദൃശ്യം പോരാട്ടമാകുമ്പോൾ

ഒരു സാമൂഹ്യാവസ്ഥയ്ക്കു നേരെ ദൃശ്യങ്ങളിലൂടെ പൊരുതുക എന്നത് കലാകാരന്റെ ഉൾവിളിയാണ്. ഒരു പ്രശ്നത്തിനെ ശ്രദ്ധേയമാക്കി മാറ്റുക എന്നതാണ് ഏറ്റവും പ്രധാനം. പക്ഷെ ഇന്ന് ദൃശ്യമാധ്യമലോകത്തിൽ മിക്കപ്പോഴും കാണുന്നത് പ്രശ്നത്തെ ദൃശ്യവല്ക്കരിച്ച് അവതാരകൻ താരമാകുന്നതാണ്. മണിലാലിന്റെ 'കരിമുകിൽ' എന്ന ഡോക്യുമെന്ററി സിനിമ ഈ പശ്ചാത്തലത്തിൽ കൂടി പരിശോധിക്കേണ്ടതാണ്. കേരളത്തിൽ അനുദിനം പല രൂപത്തിൽ വർദ്ധിച്ചു വരുന്ന ഒരു സാമൂഹ്യാവസ്ഥ- മലിനീകരണം- ശ്രദ്ധയിൽ പെടുത്തുകയാണ് 'കരിമുകിൽ' എന്ന അരമണിക്കൂർ ചിത്രം.

കേരളത്തിലെ ഏറ്റവും വലിയ വ്യാവസായിക മലിന മേഖലകളിലൊന്നാണ് അമ്പലമുകൾ. അവിടത്തെ വിനാശകരമായ ഒരു ഫാക്ടറി - കാർബൺ ബ്ലാക്ക് - ഒരു ജനസമൂഹത്തിന്റെ ജീവിതത്തെ എങ്ങനെ കാർന്നുതിന്നുന്നു എന്നതാണ് മണിലാൽ ചിത്രീകരിക്കുന്നത്. കരിമുകൾ എന്ന പേര് അന്വർത്ഥമാക്കുംവിധമാണ് ഫാക്ടറി പ്രവർത്തനമെന്നത് സമീപവാസികളുടെ അനുഭവമാണെന്ന് ചിത്രം പറയുന്നു. കരിമുകളിൽ ദശാബ്ദങ്ങളായി നടന്നുവരുന്ന ഒരു ജനകീയ ചെറുത്തുനില്പുണ്ട്. അത് ഒരു ഭാഗത്ത്. മറുഭാഗത്ത് ഫാക്ടറി മാനേജ്മെന്റ്, നാടിന്റെ ഭരണനേതൃത്വം എന്നിവയുൾപ്പെട്ട സംഘത്തിന്റെ അവകാശനിഷേധങ്ങൾ. ഇവയ്ക്കിടക്കാണ് മണിലാലിന്റെ ക്യാമറക്കണ്ണുകൾ പരതുന്നത്.




അസഹ്യമായ വേദന ഒരു മനുഷ്യനെ അക്രമിയാക്കുന്നതുപോലെ 'കരിമഴ' പെയ്ത ഒരു നാൾ നിറം നോക്കാതെ ജനം അണിചേർന്ന് കാർബൺ ഫാക്ടറിയിൽ ഇരച്ചുകയറി അതിന്റെ പ്രധാന യൂണിറ്റുകൾ പൂട്ടിച്ചു. ഈ വിജയം ആ ജനതയുടെ ആത്മവിശ്വാസത്തിന്റെ ഫലമാണ്. ഇക്കാര്യം മണിലാൽ സ്വന്തം രചനയിൽ കൊണ്ടുവരുന്നുണ്ട്.

ഈ ചിത്രത്തിൽ വളരെ ശ്രദ്ധേയമായി തോന്നിയ ഒരു കാര്യം ജുഡീഷ്യറിക്കെതിരായ വിമർശനമാണ്. ജുഡീഷ്യറി കൂടി പലപ്പോഴും ആരെയാണ് സഹായിക്കുന്നത് എന്ന പ്രശ്നം മണിലാൽ പ്രാധാന്യത്തോടെ കൊണ്ടുവരാൻ ശ്രമിക്കുന്നുണ്ട്. ഫാക്ടറിമാനേജ്മെന്റിന് അനുകൂലമാണെന്ന തോന്നലുളവാക്കുന്ന സമീപനമാണ് നീതിപീഠം എടുക്കുന്നതെന്ന് ചിത്രം അടിവരയിട്ടു പറയുന്നു.

ഒരു ഡോക്യുമെന്ററിയിൽ ആശയത്തിന്റെ വിശ്വാസ്യത ദൃശ്യങ്ങളിലാണ്. ദൃശ്യങ്ങൾ ശക്തമാണെങ്കിൽ അത് സ്വയം സംസാരിക്കുകയും ചെയ്യും. മണിലാലിന് ഇക്കാര്യത്തിൽ എത്ര മുന്നോട്ടുപോകാനായി എന്നത് പ്രധാന കാര്യമാണ്.

(ശേഷം പേജ് 4)

# ഒരു ദൃശ്യം പോരാട്ടമാകുമ്പോൾ

രണ്ടിൽ നിന്ന് തുടർച്ച

മനസ്സിനെ പിടിച്ചുവലിക്കുന്ന ദൃശ്യങ്ങളിൽ കേന്ദ്രീകരിക്കാൻ സംവിധായകൻ കൂടുതൽ ശ്രദ്ധിക്കേണ്ടിയിരിക്കുന്നു.

എടുത്തു പറയാവുന്ന ഒരു ന്യൂനത മികച്ച ഹോംവർക്കിന്റെ ഇല്ലായ്മയാണ്. അവതരിപ്പിക്കുന്ന ആശയം കൃത്യമായി ഫലിപ്പിക്കാൻ തക്ക ആധികാരികത പ്രേക്ഷകന് ലഭ്യമാക്കാൻ കഴിയേണ്ടതായിരുന്നു. ചലച്ചിത്രകാരന് സ്വയം ചെയ്യാവുന്ന ഒരു വിചാരണ ഈ ചിത്രത്തിൽ ഒഴിവാക്കിയത് സൃഷ്ടിയുടെ കരുത്തിനെ ബാധിക്കുന്നുണ്ട്.

ഒരു ദൃശ്യം ഒരു പോരാട്ടമാണ് എന്നു പറയാറുണ്ടല്ലോ. അതിനുള്ള ശ്രമം മണിലാലിന്റെ ചിത്രത്തിനെ, മറ്റെല്ലാം മാറ്റിവച്ചാലും പ്രസക്തമാക്കുന്നുണ്ട്. അത് ചെറിയ കാര്യമല്ല